Bodhini ബോധിനി

വ്യാപാരത്തിന്റെ പല മുന്നേറ്റങ്ങൾക്ക് സാക്ഷിയായ പെരിയാറിന്റെ കരയിൽനിന്ന് മറ്റൊരു വിജയക്കുതിപ്പിന് വിപണി പിടിക്കുകയാണ് ഈ ഭക്ഷ്യോൽപ്പന്ന ബ്രാൻഡ്

നാവിലൂടെ നാടറിയാൻ വ്യത്യസ്ത വിഭവങ്ങളുമായി

ബോധിനി

സന്തോഷ് ബാബു

ജർമൻ സാങ്കേതികവിദ്യയിൽ കേരളത്തിലെ ആദ്യ മോഡേൺ റൈസ് മിൽ, കേരളത്തിലെ ആദ്യത്തെ സോർട്ടക്സ് കുത്തരി, ദുബായിലേക്ക് കേരളത്തിൽനിന്നുള്ള ആദ്യത്തെ സോർട്ടക്സ് കുത്തരി കയറ്റുമതി എന്നിങ്ങനെ കെ കെ കർണൻ എന്ന അരിവ്യാപാരിയുടെ ജീവിതരേഖയിൽ മുമ്പേ നടന്നതിന്റെ അടയാളങ്ങൾ പലതുണ്ട്. 1991ൽ ആന്ധ്രപ്രദേശിൽ ചെന്ന്

കെ കെ കർണൻ

ആധുനിക അരിമില്ലുകളുടെ പ്രവർത്തനം മനസ്സിലാക്കി ചെന്നൈ തുറമുഖം വഴി ജർമനിയിൽനിന്ന് നേരിട്ട് യന്ത്രങ്ങൾ ഇറക്കുമതി ചെയ്താണ് ഇദ്ദേഹത്തിന്റെ എസ്എൻ റൈസ് മിൽ കേരളത്തിലെ അരിവ്യാപാരത്തിൽ പുതിയ ടെൻഡിന് തുടക്കമിട്ടത്. കേരളത്തിൽനിന്നുള്ള ഭക്ഷ്യോൽപ്പന്ന ബ്രാൻഡുകളിൽ ഏറ്റവും പേരെടുത്ത ബ്രാൻഡുകളിലൊന്നായി മാറിയ നിറപറ ജനിച്ചതും ഇവിടെനിന്നായിരുന്നു. 5, 10, 15, 25 കിലോഗ്രാം ചാക്കുകളിൽ അരിയിറക്കി കുത്തിരിവിപണിയെ ഇദ്ദേഹം കൂടുതൽ ജനപ്രിയമാക്കുകയും ചെയ്തു.

വ്യാപാരത്തിന്റെ പല മുന്നേറ്റങ്ങൾക്ക് സാക്ഷിയായ പെരിയാറിന്റെ കരയിൽനിന്ന് 'ബോധിനി' എന്ന മറ്റൊരു വിജയക്കുതിപ്പിന് തുടക്കമിട്ട് വിപണി പിടിക്കുകയാണിപ്പോൾ ആറുപതിറ്റാണ്ടിലേറെ കാലത്തെ അനുഭവക്കരുത്തുള്ള ഈ സംരംഭകൻ.

കാലടി ഒക്കൽ കേന്ദ്രമാക്കിയുള്ള കെ കെ കർണൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന പുതിയ കമ്പനി വ്യത്യസ്തമായ ഭക്ഷ്യോൽപ്പന്നങ്ങളുടെ വൻനിരയാണ് ബോധിനി ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നത്. 'ഉപഭോക്താക്കൾക്ക് എന്താണ് നൽകേണ്ടതെന്ന് ഞങ്ങൾ കൃത്യമായി മനസ്സിലാക്കിയിട്ടുണ്ട്. അതനുസരിച്ച് ഏറ്റവും നല്ല അരിയും ഉഴുന്നും സാങ്കേതികവിദ്യയും ഉപയോഗിച്ചാണ് ബോധിനി ഉൽപ്പന്നങ്ങൾ ഒരുക്കുന്നത്. കേരളീയർക്കുമാത്രമല്ല, കേരളത്തിന് പുറത്തുള്ളവർക്കുള്ള വിഭവങ്ങളുമുണ്ട്. എല്ലാ ഉൽപ്പന്നങ്ങൾക്കും സൂപ്പർ ക്വാളിറ്റിയാണ് ഞങ്ങൾ ഉറപ്പുതരുന്നത്'– ബോധിനിയുടെ ഡയറക്ടർ കെ കെ കർണൻ പറഞ്ഞു.

പാലക്കാടൻ മട്ടയും മലബാർ പൊറോട്ടയും

അരി, വിവിധതരം അരി, ഗോതമ്പ്, റാഗിപ്പൊടികൾ എന്നിവ കൂടാതെ അമ്പതിലധികം വ്യത്യസ്ത ഉൽപ്പന്നങ്ങളും കമ്പനി വിപണിയിൽ എത്തിക്കുന്നുണ്ട്. പാലക്കാട് വണ്ടൂരിലെ ഫാക്ടറിയിലാണ് പൊടികൾ തയ്യാറാക്കുന്നത്. ഒക്കൽ യൂണിറ്റിൽനിന്ന് ദോശ– ഇഡ്ഡലി–അപ്പം മാവുകൾ, ചപ്പാത്തി, പൂരി, മലബാർ പൊറോട്ട, ഇടിയപ്പം തുടങ്ങിയ റെഡി ടു കുക്ക്, റെഡി ടു ഈറ്റ് വിഭവങ്ങളും പുറത്തിറക്കുന്നു. ഗുജറാത്ത്, ഒഡിഷ, പഞ്ചാബ്, ഉത്തർപ്രദേശ് തുടങ്ങിയ മേഖലകളിൽനിന്നുള്ള മികച്ച ഇനം അരിയും ഗോതമ്പുമാണ് ഉൽപ്പന്നങ്ങൾക്കായി സംഭരിക്കുന്നതെന്നും മനുഷ്യസ്പർശം പരമാവധി ഒഴിവാക്കി പൂർണമായും ഓട്ടോമാറ്റിക് യന്ത്രസംവിധാനത്തിലാണ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതെന്നും കമ്പനി അവകാശപ്പെടുന്നു.

അസംസ്കൃതവസ്തുക്കളുടെ സംഭരണംമുതൽ ഉൽപ്പാദനത്തിന്റെ ഓരോ ഘട്ടത്തിലും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ വിവിധ പരിശോധനാ സംവിധാനങ്ങളാണ് ഇവർ സജ്ജമാക്കിയിരിക്കുന്നത്. അരിയും ഗോതമ്പും മറ്റും കഴുകി വൃത്തിയാക്കാനുള്ള വെള്ളംമുതൽ ഉൽപ്പന്നങ്ങൾ ഉപയോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള പാക്കറ്റുകൾവരെ വിവിധ പരിശോധനകൾക്ക് വിധേയമാക്കുന്നു. വിഭവങ്ങൾ വിപണിയിലേക്ക് വിടുന്നതിനുമുമ്പ് രുചിപരിശോധന നടത്തുന്നതിന് പ്രത്യേക വിഭാഗവും ഒരുക്കിയിട്ടുണ്ട്.

കറിപ്പൊടിയും അച്ചാറും

ദോശ, ഇഡ്ഡലി മാവുകൾക്ക് വളരെ ചുരുങ്ങിയ നാളുകൊണ്ടുതന്നെ ഉപഭോക്താക്കളിൽനിന്ന് വലിയ സ്വീകാര്യതയാണ് കിട്ടിയത്. ചപ്പാത്തി ഒരുലക്ഷത്തിലധികം ഇപ്പോൾ വിൽപ്പനയുണ്ട്– കർണൻ പറഞ്ഞു.

അടുത്തഘട്ടമായി മുളക്, മല്ലി, മഞ്ഞൾ, കശ്മീരി മുളകുപൊടി ഉൾപ്പെടെയുള്ള കറിപ്പൊടികളും അച്ചാറുകളും വിപണിയിലെത്തിക്കാനുള്ള തയ്യാറെടുപ്പിലാണിവർ. നടപ്പ് സാമ്പത്തികവർഷത്തിന്റെ അവസാനത്തോടെ പുതിയ ഉൽപ്പന്നനിര പുറത്തിറക്കാനാണ് ലക്ഷ്യമിടുന്നത്. ബോധിനി ബ്രാൻഡിൽ മുട്ട, പാൽ, തൈര് തുടങ്ങിയവയും ലഭ്യമാക്കുമെന്നും ഒരു വീട്ടിലേക്ക് ആവശ്യമായ എല്ലാ ഭക്ഷ്യോൽപ്പന്നങ്ങളും വിപണിയിൽ എത്തിക്കാനാണ് പദ്ധതിയെന്നും ഇദ്ദേഹം വ്യക്തമാക്കി.

മറുനാട്ടിലും മികച്ച വിപണി

എറണാകുളം ജില്ലയിലായിരുന്നു ബോധിനി വിപണനം തുടങ്ങിയത്. വൈകാതെ സമീപജില്ലകളിലേക്കും കടന്നു. കമ്പനിയുടെ സ്വന്തം വാഹനങ്ങളിൽ വിൽപ്പനക്കാരിലേക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ എത്തിക്കുകയാണ് ചെയ്യുന്നത്. ആഴ്ചയിൽ രണ്ടുദിവസം വാഹനം കടകളിൽ ചെന്ന് വിൽക്കാത്ത ഉൽപ്പന്നങ്ങൾ തിരിച്ചെടുക്കുകയും പുതിയത് നൽകുകയും ചെയ്യുമെന്നും വിൽപ്പനസാധ്യത നോക്കിമാത്രമാണ് സപ്ലൈ ചെയ്യുന്നതെന്നും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഉൽപ്പന്നമെത്തിക്കാൻ വിതരണശൃംഖല ഉണ്ടാക്കുമെന്നും ഇദ്ദേഹം പറഞ്ഞു.

ഉപഭോക്താക്കളുടെ പിന്തുണയുടെ കരുത്തിൽ ബോധിനി ഉൽപ്പന്നങ്ങൾ ഇപ്പോൾ കേരളത്തിന് പുറത്തും ലഭ്യമാക്കുന്നുണ്ട്. മുംബൈയിലെയും ചെന്നൈയിലെയും ബംഗളൂരുവിലെയും സൂപ്പർമാർക്കറ്റുകളിലും ജനറൽ സ്റ്റോറുകളിലുമാണ് നിലവിൽ ലഭ്യമാക്കിയിരിക്കുന്നത്. ഹൈദരാബാദ്, ഡൽഹി, കൊൽക്കത്ത തുടങ്ങി പുതിയ വിപണികളിലേക്ക് ഉൽപ്പന്നങ്ങൾ എത്തിക്കാൻ വിതരണക്കാരുമായും സൂപ്പർമാർക്കറ്റ് ശൃംഖലകളുമായും ചർച്ചകൾ നടക്കുകയാണെന്നും കർണൻ പറഞ്ഞു.

പുതിയ ഫാക്ടറിയും കയറ്റുമതിയും

മികച്ച ഉൽപ്പന്നം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കി എല്ലാ വിഭാഗം ഉപഭോക്താക്കളിലേക്കും എത്തുന്നതിനൊപ്പം കുടുംബസംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കുറഞ്ഞ ചെലവിൽ ഇഡ്ഡലിയും ദോശയുമൊക്കെ ഉണ്ടാക്കി വിൽക്കാൻ അവസരമൊരുക്കി കൂടുതൽ വിപണി നേടാനുമാണ് ബ്രാൻഡ് ലക്ഷ്യമിടുന്നത്.

'കടുത്തമത്സരമുള്ള വിപണിയാണ് ഭക്ഷ്യോൽപ്പന്നങ്ങളുടേത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ നേടാവുന്ന കച്ചവടം മതി എന്നതാണ് ഞങ്ങളുടെ നിലപാട്. ലാഭം മാത്രം പോരാ. ആഹാരസാധനമാണ്, മനുഷ്യരുടെ വിശ്വാസവും നേടാനാകണം, കഴിക്കുന്നവർക്ക് തൃപ്തി നൽകാനാകണം. അങ്ങനെയൊരു ബ്രാൻഡായി വളരുകയാണ് ഞങ്ങളുടെ ആഗ്രഹം'– കർണൻ പറയുന്നു.

ദിവസം 40–50 ടൺ അരിപ്പൊടിയും ഒരുലക്ഷം ചപ്പാത്തിയും പതിനായിരം പൊറോട്ടയും നാൽപ്പതിനായിരം ദോശയ്ക്കുള്ള മാവും ഉണ്ടാക്കാനുള്ള ശേഷി

നിലവിലെ യൂണിറ്റുകൾക്കുണ്ട്. ഒക്കലിൽ മൂന്നാമത്തെ യൂണിറ്റ് ഉടൻ പ്രവർത്തനസജ്ജമാകും. അടുത്ത സാമ്പത്തികവർഷത്തോടെ യൂറോപ്യൻ വിപണിയിലും എത്താനുള്ള തയ്യാറെടുപ്പിലാണ്.

എച്ച്പി പുതിയ സ്മാർട്ട് ടാങ്ക് പ്രിന്റർ ശ്രേണി പുറത്തിറക്കി

കൊച്ചി

എച്ച്പി സൂക്ഷ്മ, ചെറുകിട സംരംഭകർക്കും വീടുകളിലും ഉപയോഗിക്കാവുന്ന പുതിയ സ്മാർട്ട് ടാങ്ക് പ്രിന്റർ ശ്രേണി വിപണിയിലിറക്കി. ഐഡി കാർഡുകളുടെ പകർപ്പെടുക്കുന്നതിനും ഡോക്യുമെന്റുകൾ സ്കാൻ ചെയ്യുന്നതിനുമുള്ള സംവിധാനം, മികച്ച കണക്ടിവിറ്റി, തുടങ്ങിയവയോടെയാണ് ഈ പ്രിന്ററുകൾ എത്തിയിരിക്കുന്നത്. ദൈനംദിന പ്രിന്റ്, സ്കാൻ, കോപ്പി, ഫാക്സ് ജോലികളിൽ സഹായിക്കാൻ എച്ച്പി സ്മാർട്ട് ആപ് സ്മാർട്ട് ഗൈഡഡ് ബട്ടണുകളുമുണ്ട്. 12,000 ബ്ലാക്ക് ആൻഡ് വൈറ്റ് പേജുകളും 6000 കളർ പേജുകളും പ്രിന്റ് ചെയ്യാനുള്ള മഷി ടാങ്കാണ് ഇതിലുള്ളതെന്നും കമ്പനി അവകാശപ്പെടുന്നു. എച്ച്പി സ്മാർട്ട് ടാങ്ക് 580ന് 18,848 രൂപയും 520ന് 15,980 രൂപയും 210ന് 13,326 രൂപയുമാണ് വില.

203 കോടി രൂപ ലാഭം നേടി മുത്തൂറ്റ് മൈക്രോഫിൻ

കൊച്ചി

മൈക്രോഫിനാൻസ് കമ്പനിയായ മുത്തൂറ്റ് മൈക്രോഫിൻ 2023 മാർച്ച് 31ന് അവസാനിച്ച സാമ്പത്തികവർഷത്തിൽ 203.31 കോടി രൂപ ലാഭം നേടി. 155 ശതമാനമാണ് ലാഭവർധന. 2023 മാർച്ച് 31ലെ കണക്കുപ്രകാരം 9209 കോടി രൂപയുടെ ആസ്തിയാണ് കൈകാര്യം ചെയ്യുന്നതെന്നും 46 ശതമാനം വർധനയാണ് ഇക്കാര്യത്തിൽ കൈവരിച്ചതെന്നും കമ്പനി അറിയിച്ചു.

ഗ്രൂപ്പ് റിട്ടയർമെന്റ് മെഡിക്കൽ സ്കീമുമായി എൽഐസി

കൊച്ചി

പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനമായ ലൈഫ് ഇൻഷുറൻസ് കോർപറേഷൻ (എൽഐസി) പുതിയ ഗ്രൂപ്പ് പോസ്റ്റ് റിട്ടയർമെന്റ് മെഡിക്കൽ ബെനഫിറ്റ് സ്കീം അവതരിപ്പിച്ചു. ജീവനക്കാർക്ക് വിരമിച്ചതിനുശേഷമുള്ള മെഡിക്കൽ ആനുകൂല്യങ്ങൾ നൽകേണ്ട ബാധ്യത നിറവേറ്റാൻ തൊഴിലുടമകളെ സഹായിക്കുകയാണ് ഈ പദ്ധതിയിലൂടെ എൽഐസി ലക്ഷ്യമിടുന്നത്. ഓരോ അംഗത്തിനും നിശ്ചിത ലൈഫ് കവർ ആനുകൂല്യം (സം അഷ്വേർഡ്) വാഗ്ദാനം ചെയ്യുന്ന സ്കീം ഒരു നോൺ ലിങ്ക്ഡ്, നോൺ പാർടിസിപ്പേറ്റിങ്, ലൈഫ്, ഗ്രൂപ്പ് സേവിങ്സ് ഇൻഷുറൻസ് ഉൽപ്പന്നമാണ്. എൽഐസിയുടെ 11 ഗ്രൂപ്പ് ഇൻഷുറൻസ് ഉൽപ്പന്നങ്ങളും ഒരു ഗ്രൂപ്പ് ആക്സിഡന്റ് ബെനഫിറ്റ് റൈഡറും ഒരുമിച്ചുചേർത്താണ് ഈ പുതിയ ഇൻഷുറൻസ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ജീവനക്കാരുടെ ആനുകൂല്യത്തിനായി ഫണ്ട് നൽകാൻ തയ്യാറുള്ള ഏത് തൊഴിലുടമയ്ക്കും ഈ പദ്ധതി സ്വീകരിക്കാമെന്നും അമ്പതോ അതിൽ കൂടുതലോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഇത് ലഭ്യമാകുമെന്നും എൽഐസി അറിയിച്ചു.

സ്വർണവില കൂടി; പവന് 45,360

കൊച്ചി

സംസ്ഥാനത്ത് സ്വർണവില വീണ്ടും കൂടി. ചൊവ്വാഴ്ച പവന് 80 രൂപ വർധിച്ച് 45,360 രൂപയും ഗ്രാമിന് 10 രൂപ വർധിച്ച് 5670 രൂപയുമായി. തുടർച്ചയായി രണ്ടാംദിവസമാണ് വില കൂടുന്നത്. രണ്ടുദിവസംകൊണ്ട് പവന് 160 രൂപയും ഒമ്പതു ദിവസത്തിനുള്ളിൽ 680 രൂപയും വർധിച്ചു.

സെൻസെക്സ് മൂന്ന് പോയിന്റ് നഷ്ടത്തിൽ

കൊച്ചി

ഓഹരിവിപണി വ്യാപാര ആഴ്ചയുടെ രണ്ടാംദിവസം നഷ്ടത്തിലേക്ക് നീങ്ങി. യുഎസിലെ പണപ്പെരുപ്പ നിരക്ക് പുറത്തുവരാനിരിക്കെ അവസാന മണിക്കൂറിൽ നിക്ഷേപകർ ലാഭമെടുപ്പിന് ശ്രമിച്ചതോടെ തിങ്കളാഴ്ച, 709.96 പോയിന്റ് നേട്ടമുണ്ടാക്കിയ ബിഎസ്ഇ സെൻസെക്സ് 2.92 പോയിന്റ് നഷ്ടം രേഖപ്പെടുത്തി. എൻഎസ്ഇ നിഫ്റ്റിയുടെ നേട്ടം 1.60 പോയിന്റിൽ (0.01 ശതമാനം) അവസാനിച്ചു.

ഐടിസി ഓഹരിയാണ് ബിഎസ്ഇയിൽ ഏറ്റവുമധികം നഷ്ടം നേരിട്ടത് (1.74 ശതമാനം). എസ്ബിഐ 1.71 ശതമാനവും ബജാജ് ഫിനാൻസ് 1.58 ശതമാനവും പവർഗ്രിഡ് കോർപറേഷൻ 0.61 ശതമാനവും നഷ്ടത്തിലായി. എൻടിപിസി (0.56), സൺഫാർമ (0.42), ഐസിഐസിഐ ബാങ്ക് (0.40), ടൈറ്റാൻ കമ്പനി (0.20) എന്നിവയാണ് നഷ്ടം നേരിട്ട മറ്റു ചില പ്രധാന ഓഹരികൾ.

ഇൻഡസ്ഇൻഡ് ബാങ്ക് 1.20 ശതമാനവും ആക്സിസ് ബാങ്ക് 1.09 ശതമാനവും ടിസിഎസ് 1.04 ശതമാനവും ടാറ്റാ മോട്ടോർസ് 0.67 ശതമാനവും നേട്ടമുണ്ടാക്കി.

ഇ-ബാങ്ക് ഗ്യാരന്റി സൗകര്യവുമായി ഫെഡറൽ ബാങ്ക്

കൊച്ചി

ഫെഡറൽ ബാങ്ക് പൂർണമായും ഡിജിറ്റലായി ബാങ്ക് ഗ്യാരന്റി ലഭ്യമാക്കുന്ന ഇലക്ട്രോണിക് ബാങ്ക് ഗ്യാരന്റി (ഇ–ബാങ്ക് ഗ്യാരന്റി) സൗകര്യം അവതരിപ്പിച്ചു. നാഷണൽ ഇ–ഗവേർണൻസ് സർവീസസ് ലിമിറ്റഡുമായി (എൻഇഎസ്എൽ) ചേർന്നാണ് ഈ കടലാസുരഹിത സേവനം ലഭ്യമാക്കുന്നത്. ബാങ്ക് ഗ്യാരന്റി ഇഷ്യു ചെയ്യുന്നതും തിരുത്തുന്നതും റദ്ദാക്കുന്നതുമടക്കമുള്ള എല്ലാ ജോലികളും പുതിയ സംവിധാനത്തിൽ ഡിജിറ്റലായി നടക്കും. നിലവിൽ പിന്തുടരുന്ന ഡോക്യുമെന്റേഷനും സങ്കടസ് സെന്ററു'മുള്ള കമ്പനിയുടെ നാലാമത്തെ സംരംഭമാണിത്. ഉപയോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന നൂതന ഇ–കൊമേഴ്സ് സാങ്കേതിക പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുള്ള കേന്ദ്രമായി ഈ ഓഫീസ് പ്രവർത്തിക്കുമെന്ന് മൊസാന്ത ടെക്നോളജീസ് സെന്റർ ഹെഡും പ്രൊഡക്ട് ഡയറക്ടറുമായ ആശിഷ് തോമസ് പറഞ്ഞു.

FEDERAL BANK
YOUR PERFECT BANKING PARTNER

ബന്ധപ്പെട്ട കടലാസ് ജോലികളും ഒഴിവാകും. വ്യാപാര, ബിസിനസ് ഇടപാടുകൾ സുരക്ഷിതവും വേഗത്തിലുമാക്കാൻ ഇ–ബാങ്ക് ഗ്യാരന്റി ഏറെ സഹായകമാണെന്നും ഇ–സ്റ്റാമ്പിങ് സൗകര്യം ലഭ്യമായ സംസ്ഥാനങ്ങളിലെ വ്യക്തികൾക്കും കമ്പനികൾക്കും വ്യക്തിഗത, പങ്കാളിത്ത സംരംഭങ്ങൾക്കും സർക്കാർ ഏജൻസികൾക്കും ഈ സേവനം ലഭ്യമാകുമെന്നും ബാങ്ക് അറിയിച്ചു.

ഡിജിറ്റൽ സേവനങ്ങളിൽ മുന്നിൽനിൽക്കുക എന്ന ഫെഡറൽ ബാങ്കിന്റെ പാരമ്പര്യത്തിന്റെ തുടർച്ചയായാണ് ഇ–ബാങ്ക് ഗ്യാരന്റി സേവനം അവതരിപ്പിച്ചിരിക്കുന്നതെന്നും ഇതിലൂടെ തട്ടിപ്പുസാധ്യതകൾ ഇല്ലാതാക്കാനും സ്റ്റാമ്പ് ഡ്യൂട്ടി അടവ് ശരിയായരീതിയിൽ ഉറപ്പാക്കാനും സാധിക്കുമെന്നും ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.

മൊസാന്ത ടെക്നോളജീസിന്റെ പുതിയ സെന്റർ ഓഫ് എക്സലൻസ് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം ചെയ്യുന്നു

ഇൻഫോപാർക്കിൽ മൊസാന്ത ടെക്നോളജീസിന്റെ സെന്റർ ഓഫ് എക്സലൻസ്

കൊച്ചി

ഇ–കൊമേഴ്സ് സൊല്യൂഷൻ ദാതാക്കളായ മൊസാന്ത ടെക്നോളജീസ് കൊച്ചി ഇൻഫോപാർക്കിൽ പുതിയ സെന്റർ ഓഫ് എക്സലൻസ് തുറന്നു. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ടെക്നോപാർക്കിൽ രണ്ട് ലോകോത്തര 'വികസനകേന്ദ്രങ്ങളും' ദുബായിൽ ഒരു 'ഗ്ലോബൽ കസ്റ്റമർ

കനറാ ബാങ്ക് അദാലത്ത് 11ന്

കൊച്ചി

കനറാ ബാങ്ക് കിട്ടാക്കടവായ്പകൾക്ക് പ്രത്യേക ഇളവ് നൽകാൻ ബാങ്ക് ശാഖകളിൽ 11ന് അദാലത്ത് സംഘടിപ്പിക്കുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം വിദ്യാഭ്യാസ, കാർഷിക, ചെറുകിടസംരംഭ വായ്പകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നും ബാങ്ക് അറിയിച്ചു. വിവരങ്ങൾക്ക് ബാങ്കിന്റെ കോഴിക്കോട് റീജണൽ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0495–2700529, 8281004855.

Canara Bank
A Government of India Undertaking

ഐആർഎം ഇന്ത്യ അഫിലിയേറ്റ്-ജിയോ ധാരണപത്രം ഒപ്പുവച്ചു

മുംബൈ

ടെലികോം വ്യവസായത്തിൽ എന്റർപ്രൈസ് റിസ്ക് മാനേജ്മെന്റിന്റെ (ഇആർഎം) ആവശ്യകതയും പ്രാധാന്യവും പ്രോത്സാഹിപ്പിക്കാൻ ടെലികോം സേവനദാതാക്കളായ റിലയൻസ് ജിയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസ്ക് മാനേജ്മെന്റ് (ഐആർഎം) ഇന്ത്യ അഫിലിയേറ്റുമായി ധാരണപത്രം ഒപ്പുവച്ചു. നൂറിനാൽപ്പതിലധികം രാജ്യങ്ങളിൽ ഇആർഎം സേവനം ലഭ്യമാക്കുന്ന സ്ഥാപനമാണ് ഐആർഎം. ധാരണപ്രകാരം ഇവരുമായി ചേർന്ന് വെബിനാറുകളും ചർച്ചകളും വ്യവസായസമ്മേളനങ്ങളും സംഘടിപ്പിക്കുമെന്നും ടെലികോം മേഖലയിലെ അപകടസാധ്യതകൾ ഒഴിവാക്കാൻ പുതിയ അറിവുകൾ വികസിപ്പിക്കുന്നതിനുള്ള സാമഗ്രികൾ സംഭാവന ചെയ്യുമെന്നും കമ്പനി അറിയിച്ചു.

വർമ ഹോംസിന്റെ കൊച്ചി ഇടപ്പള്ളിയിലെ പുതിയ ലക്ഷ്വറി അപ്പാർട്ട്മെന്റ് പദ്ധതിയായ വർമ ഹാർമണിയുടെ കല്ലിടൽ വർമ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ നിർവഹിക്കുന്നു. മാനേജിങ് ഡയറക്ടർ അനിൽ വർമ സമീപം

മൊബൈൽഫോൺ വ്യാപാരി സമിതി ഭാരവാഹികൾ

ടി എം ഫയാസ്

സി വി ഇക്ബാൽ

കൊച്ചി

കേരള സംസ്ഥാന മൊബൈൽ ഫോൺ വ്യാപാരി സമിതി സംസ്ഥാന പ്രസിഡന്റായി മൊബൈൽ കിങ് മാനേജിങ് ഡയറക്ടർ ടി എം ഫയാസിനെയും സെക്രട്ടറിയായി മൊബൈൽ മ്യൂസിയം മാനേജിങ് ഡയറക്ടർ സി വി ഇക്ബാലിനെയും തെരഞ്ഞെടുത്തു.

'കാട്' പുതിയ ഉൽപ്പന്നങ്ങളും വെബ്സൈറ്റും അവതരിപ്പിച്ചു

'കാടി'ന്റെ പുതിയ ഉൽപ്പന്നങ്ങളും വെബ്സൈറ്റും ഹൈബി ഈഡൻ എംപി, സിനിമാതാരങ്ങളായ റഹ്മാൻ, സംയുക്ത എന്നിവർ ചേർന്ന് വിപണിയിൽ അവതരിപ്പിക്കുന്നു. സിഇഒ ഷഫിൻ കളത്തിങ്കൽ, ഡയറക്ടർ മുഹമ്മദ് ഷമീർ, റഹ്ബാസ് അബൂബക്കർ എന്നിവർ സമീപം

കൊച്ചി

പേഴ്സണൽ കെയർ ഉൽപ്പന്ന ബ്രാൻഡായ 'കാടി'ന്റെ പുതിയ ഉൽപ്പന്നങ്ങളും വെബ്സൈറ്റും കൊച്ചി മാരിയറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി, സിനിമാതാരങ്ങളായ റഹ്മാൻ, സംയുക്ത എന്നിവർ ചേർന്ന് വിപണിയിൽ അവതരിപ്പിച്ചു. ഇന്ത്യയിലും ജിസിസി രാജ്യങ്ങളിലുമായി ലുലു, ആസ്റ്റർ ഫാർമസി, ലൈഫ് ഫാർമസി തുടങ്ങിയ ഇരുനൂറിലധികം സ്റ്റോറുകളിലും നൈക, ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും കാട് ഉൽപ്പന്നങ്ങൾ ലഭ്യമാകും.

പത്തുവർഷത്തിനകം വ്യക്തിഗതപരിചരണം, ആരോഗ്യം, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയ വിഭാഗങ്ങളിൽ 18 ഉൽപ്പന്നങ്ങളിലൂടെ പ്രീമിയം വിപണിയുടെ 10 ശതമാനം നേടാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് കാട് സ്ഥാപകനും സിഇഒയുമായ ഷഫിൻ കളത്തിങ്കൽ പറഞ്ഞു.